## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർ**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1309 — 14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | രജിസ്റ്റർ ചെയ്തവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 484342 |
| കൊല്ലം | 399968 |
| പത്തനംതിട്ട | 191755 |
| ആലപ്പുഴ | 430769 |
| കോട്ടയം | 234438 |
| ഇടുക്കി | 270874 |
| എറണാകുളം | 271817 |
| തൃശൂർ | 242254 |
| പാലക്കാട് | 298003 |
| മലപ്പുറം | 371294 |
| കോഴിക്കോട് | 362676 |
| വയനാട് | 190108 |
| കണ്ണൂർ | 242187 |
| കാസർഗോഡ് | 143072 |
| ആകെ | 4133557 |

| ചോദ്യം. | ഉത്തരം. |
|---|---|
| (ബി) ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ സ്ത്രീകൾ എത്രയെന്നും പുരുഷന്മാർ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ സ്ത്രീകളുടേയും പുരുഷന്മാരുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | രജിസ്റ്റർ ചെയ്ത സ്ത്രീകളുടെ എണ്ണം | രജിസ്റ്റർ ചെയ്ത പുരുഷന്മാരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 320834 | 163508 |
| കൊല്ലം | 251340 | 148628 |
| പത്തനംതിട്ട | 118740 | 73015 |
| ആലപ്പുഴ | 263323 | 167446 |

| | | |
|---|---|---|
| കോട്ടയം | 146131 | 88307 |
| ഇടുക്കി | 155448 | 115426 |
| എറണാകുളം | 171809 | 100008 |
| തൃശൂർ | 186566 | 55688 |
| പാലക്കാട് | 229419 | 68584 |
| മലപ്പുറം | 216289 | 155005 |
| കോഴിക്കോട് | 224682 | 137994 |
| വയനാട് | 106092 | 84016 |
| കണ്ണൂർ | 166225 | 75962 |
| കാസർഗോഡ് | 95017 | 48055 |
| ആകെ | 2651915 | 1481642 |

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ ജില്ലയിലും എത്ര തൊഴിൽദിനങ്ങൾ ലഭ്യമാക്കിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) 2012-2013 സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലയിലും ലഭ്യമാക്കിയ തൊഴിൽ ദിനങ്ങളുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 13031956 | 22425.42 |
| കൊല്ലം | 6917413 | 11465.23 |
| പത്തനംതിട്ട | 3716798 | 6284.41 |
| ആലപ്പുഴ | 9436273 | 15027.57 |
| കോട്ടയം | 3650092 | 5919.61 |
| ഇടുക്കി | 7592877 | 13123.72 |
| എറണാകുളം | 5808143 | 10315.49 |
| തൃശൂർ | 5811154 | 10297.12 |
| പാലക്കാട് | 7218378 | 11420.16 |
| മലപ്പുറം | 5433595 | 8870.39 |
| കോഴിക്കോട് | 5492201 | 10278.73 |
| വയനാട് | 3386677 | 5945.25 |
| കണ്ണൂർ | 3465877 | 5730.1 |
| കാസർഗോഡ് | 2806811 | 4565.77 |
| ആകെ | 83768245 | 141668.97 |

(ഡി) ഏതെല്ലാം തൊഴിലുകളാണ് ഇപ്പോൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 പ്രകാരമുള്ള ചുവടെ ചേർത്തിട്ടുള്ള 15 ഇനം പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിന് കുറുകെ കയ്യാല നിർമ്മാണം (കോണ്ടൂർ ബണ്ടിംഗ്), ചരിവുള്ള പ്രദേശങ്ങളിൽ കിടങ്ങ് നിർമ്മാണം (കോണ്ടൂർ ട്രഞ്ചസ്). കല്ല് കയ്യാല (Bolder check), കല്ല് കെട്ടിനെ കമ്പി/കയർ വല ഉപയോഗിച്ചുള്ള ശക്തിപ്പെടുത്തൽ രീതി. (ഗാബിയോൺ സ്ട്രക്ച്ചർ), ഭൂഗർഭ നീരൊഴുക്ക് സംരക്ഷിക്കുന്ന അടിയണകളുടെ നിർമ്മാണം, (അണ്ടർ ഗ്രൗണ്ട് ഡൈക്ക്) മൺതടയണകൾ (എർത്തേൺ ഡാംസ്), തടയണകൾ (സ്റ്റോപ്പ് ഡാംസ്) നീരുറവകളുടെ സംരക്ഷണം. (സ്പ്രിംഗ് ഷെഡ് ഡവലപ്മെന്റ്) എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്ന ജലസംരക്ഷണവും മഴകൊയ്ത്തും
2. വനസംരക്ഷണവും മരം വച്ച് പിടിപ്പിക്കലും അതുവഴി

| | | | |
|---|---|---|---|
| | | | വരൾച്ച തടയലും<br>3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ<br>4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ ഐ.എ.വൈ ഗുണഭോക്താക്കൾ. 2008 ലെ കാർഷിക കടാശ്വാസപദ്ധതിയിൽ നിർവ്വചിക്കും പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, പരമ്പരാഗത വനവാസികൾ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, പഴകൃഷി, തോട്ടവിള, കുളം കുഴിക്കൽ, കൃഷിഭൂമിക്ക് ബണ്ട് ഒരുക്കൽ, ഭൂവികസനം എന്നീ പ്രവൃത്തികൾ<br>5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർ നിർമ്മാണം<br>6. ഭൂവികസനം<br>7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്ക്ചാൽ നിർമ്മാണം, തീരപ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ചാലുകളുടെ നിർമ്മാണം തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും<br>8. ഗ്രാമത്തിനുള്ളിലുള്ള ഏത് കാലാവസ്ഥയിലും ഉപയോഗയോഗ്യമായ റോഡുകളുടെ നിർമ്മാണം<br>9 ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം<br>10. NADEP കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ദ്രവ-ജൈവ വളങ്ങൾ ഉത്പാദിപ്പിക്കൽ തുടങ്ങിയ കാർഷിക സംബന്ധമായ പ്രവൃത്തികൾ<br>11. കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കന്നുകാലികൾക്കുള്ള തൊഴുത്തിന് ഉറപ്പുള്ള തറ/ഗോമൂത്ര സംഭരണി/പുൽതൊട്ടി എന്നിവയുടെ നിർമ്മാണം, കന്നുകാലികളുടെ പൂരക തീറ്റ ഇനമായ അസോളയുടെ കൃഷി<br>12. പൊതുസ്ഥലങ്ങളിൽ വർഷക്കാലത്ത് രൂപപ്പെടുന്ന വെള്ളക്കെട്ടുകളിൽ മത്സ്യകൃഷി<br>13. മത്സ്യം ഉണക്കി സൂക്ഷിക്കുന്ന യാർഡുകളുടെ നിർമ്മാണം തീരദേശ പ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്ന മരങ്ങൾ കടലോരങ്ങളിൽ നട്ട് വളർത്തൽ<br>14. സോക്ക്പിറ്റ്, റീചാർജ്ജ് പിറ്റ് തുടങ്ങിയ ഗ്രാമീണ കുടിവെള്ള സംരക്ഷണ പ്രവൃത്തികൾ<br>15. വ്യക്തിഗത കക്കൂസ്, സർക്കാർ സ്കൂൾ/ അംഗണവാടികളിൽ ശൗചാലയങ്ങളുടെ നിർമ്മാണം, ഖര-ദ്രവ മാലിന്യ പരിപാലനം തുടങ്ങിയ ശുചിത്വ പ്രവർത്തനങ്ങൾ<br>15a. അങ്കണവാടികളുടെ നിർമ്മാണം<br>15b. കളിസ്ഥലങ്ങളുടെ നിർമ്മാണം |

| | | | |
|---|---|---|---|
| (ഇ) | ക്ഷീരകർഷകർ, വീട്ടുവളപ്പിൽ കോഴി വളർത്തൽ നടത്തുന്നവർ, തേനീച്ച കർഷകർ എന്നിവരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എന്തു നടപടിയാണു കൈക്കൊണ്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ? | (ഇ) | നിലവിൽ ക്ഷീര കർഷക മേഖലയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് സഹായകരമായ പ്രവൃത്തികളായ തൊഴുത്തിന്റെ ഈടുറ്റ തറ/ പുൽത്തൊട്ടി/ഗോമൂത്ര സംഭരണി നിർമ്മാണം, കാലിത്തീറ്റയ്ക്കാവശ്യമായ അസോളയുടെ കൃഷി എന്നിവയും വീട്ടുവളപ്പിൽ കോഴി വളർത്തുന്നതിനുള്ള കോഴിക്കൂടുകളുടെ നിർമ്മാണവും അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ (തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1) ഉൾപ്പെടുത്തി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിരുന്നാലും, രണ്ട് പശു/എരുമ വളർത്തി ക്ഷീര സഹകരണ സംഘത്തിൽ പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീര കർഷകരുടെ ദൈനംദിന തൊഴിലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തൊഴിലുറപ്പു നിയമത്തിലെ പട്ടിക 1 ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ